# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2349 — 18.12..2012 ലെ മറുപടിയ്ക്ക്

### ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താൽപര്യങ്ങൾ

**ചോദ്യം**

ശ്രീ. പി. എ. മാധവൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. ലൂഡി ലൂയിസ്

(എ) സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരെ വഞ്ചിക്കുന്നവർക്ക് എന്തെല്ലാം ശിക്ഷാ നടപടികളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

**(എ), (ബി) &(സി)**

കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ് മെന്റ്സ്) എന്ന സമഗ്രനിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത നിയമത്തിന്റെ കരട് ബില്ലിലെ വകുപ്പ് 5 പ്രകാരം ഏതെങ്കിലും ധനകാര്യ സ്ഥാപനം നിക്ഷേപം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയോ, നിക്ഷേപം സേവനത്തിനോ വസ്തുക്കൾക്കോ വേണ്ടിയുള്ളതാണെങ്കിൽ അങ്ങനെയുള്ള സേവനമോ വസ്തുക്കളോ നൽകുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ ധനകാര്യ സ്ഥാപനത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഓരോ ആളും, കുറ്റ സ്ഥാപനത്തിന്മേൽ, പത്ത് വർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും. കൂടാതെ അത്തരം ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴനൽകാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.